**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 697.** **28.09.2016 ന് മറുപടിയ്ക്ക്**

**സ്കൂളുകളിൽ മയക്കുമരുന്ന്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | സ്കൂളുകളിൽ മയക്കു മരുന്ന് ഉപയോഗം വ്യാപകമാകുന്നതായിട്ടുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. സ്കൂൾ ക്യാമ്പസ്സുകളിലും പരിസരപ്രദേശങ്ങളിലും ലഹരി വസ്തുക്കളുടെ വ്യാപനം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഹരി വസ്തുക്കളുടെ വ്യാപനത്തിനെതിരെ വൈവിധ്യമാർന്ന ബോധവത്ക്കരണ പ്രവർത്തനത്തോടൊപ്പം ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനവും നടത്തി കേരളത്തിലെ മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും ഉപഭോഗവും, വ്യാപനവും പൂർണ്ണമായി ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇത്തരത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; വിശദ വിവരം നൽകുമോ; | (ബി) | ലഹരി വസ്തുക്കളുടെ വ്യാപനത്തിനെതിരെയുള്ള ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിന്റെ ഭാഗമായി കേരളത്തിലെ സ്കൂൾ ക്യാമ്പസ്സുകളുടെ പരിസരപ്രദേശങ്ങളിൽ നിന്ന് 2016 ജനുവരി മുതൽ ആഗസ്റ്റ് വരെ 231 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്? | (സി) | സ്കൂൾ വിദ്യാർത്ഥികൾക്ക് ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെ കുറിച്ച് ബോധവത്ക്കരിക്കുന്നതിനായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തൊട്ടാകെ 1735 സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രചാരണം നടത്തിവരുന്നു. അതോടൊപ്പം ലഹരി വിരുദ്ധ ആശയങ്ങൾ അടങ്ങിയ ഹ്രസ്വചിത്രങ്ങൾ എല്ലാ സ്കൂളുകളിലും പ്രദർശനം നടത്തിയും, ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും വരുന്നു. വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് പേരോ മറ്റ് വിവരങ്ങളോ |

| | | | |
|---|---|---|---|
| | | | വെളിപ്പെടുത്താതെ തന്നെ മദ്യ-ലഹരി വസ്തുക്കളുടെ ഉപയോഗം, വിപണനം, സൂക്ഷിപ്പ് എന്നിവ സംബന്ധിക്കുന്ന പരാതികൾ അറിയിക്കുന്നതിനു വേണ്ടി സ്കൂളുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ എല്ലാ സ്കൂളുകളിലും ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ പ്രോത്സാഹനാർത്ഥം സംസ്ഥാനതലത്തിൽ സ്കൂളുകളിൽ മികച്ച ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനം നടത്തുന്ന ലഹരിവിരുദ്ധ ക്ലബ്, ക്ലബ് അംഗം, ലഹരി വിരുദ്ധ ക്ലബ്ബുകളുടെ മികച്ച മാസികകൾ, മികച്ച സൃഷ്ടികൾ എന്നിവയ്ക്ക് ക്യാഷ് അവാർഡുകളും, സർട്ടിഫിക്കറ്റുകളും നൽകി വരുന്നു. നൂറിലധികം സ്കൂളുകളിൽ എക്സൈസ് കമ്മീഷണർ നേരിട്ടു ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്ക് അവരുടെ അധികാര പരിധിയിൽപ്പെട്ട സ്കൂളുകളിൽ ആഴ്ചയിൽ രണ്ട് ബോധവത്ക്കരണ ക്ലാസ്സുകൾ വീതം നടത്തുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**